(11) പാലക്കാട് ജില്ലയിലെയും ശ്രീകൃഷ്ണപുരം മണ്ഡലത്തിലെയും യാത്രാസൗകര്യം

ശ്രീമതി ഗിരിജാ സുശീന്ദ്രൻ: സർ, പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരത്ത് കെ.എസ്.ആർ.ടി.സി.ക്ക് വരുമാനം കൂട്ടുന്നതിലും ജനങ്ങളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി ചില നിർദ്ദേശങ്ങളാണ് ഞാൻ ഈ സബ്മിഷനിലൂടെ മുന്നോട്ടുവയ്ക്കുന്നത്. പാലക്കാടുനിന്നും ബാംഗ്ലൂരിലേക്കും മൈസൂറിലേക്കും പുതിയ എ.സി. ബസ് അനുവദിക്കണമെന്നുള്ളതാണ് ഒരാവശ്യം. ഇതെല്ലാം നല്ല കളക്ഷൻ ലഭിക്കുന്ന റൂട്ടുകളാണ്. അതുപോലെതന്നെ നല്ല കളക്ഷൻ ലഭിക്കുമായിരുന്ന, വിനോദസഞ്ചാരികളും തീർത്ഥാടകരും ധാരാളമായി യാത്ര ചെയ്തിരുന്ന പാലക്കാട്-ഊട്ടി, ഏർവാട്-കോഴിക്കോട് റൂട്ടിലെ ബസ്സുകൾ അകാരണമായി നിർത്തലാക്കിയത് പുനരാരംഭിക്കണം. പാലക്കാടുനിന്നും തിരുവനന്തപുരത്തേക്കും തിരുവനന്തപുരത്തുനിന്നും പാലക്കാട്ടേക്കും സർവ്വീസ് നടത്തുന്നതിന് പുതിയ സൂപ്പർ ഡീലക്സ് ബസ്സുകൾ അനുവദിക്കണം. അത്തരം ബസ്സുകളിൽ മുട്ടശല്യം വളരെ കൂടുതലാണ്. അതിൽ യാത്രചെയ്യുന്ന ആളുകൾക്ക് അത് ഏറ്റവും കൂടുതൽ ദ്രോഹകരമായി അനുഭവപ്പെടുന്നുണ്ട്. രാവിലെ നാലു മണിക്ക് കോയമ്പത്തൂരിൽനിന്നും തിരുവനന്തപുരത്തേക്ക് പുറപ്പെടുന്ന സൂപ്പർ ഫാസ്റ്റ് പാസ്സഞ്ചറിന്റെ സമയം മാറ്റിയത് ഓരോ ദിവസവും ലഭ്യമാകുന്ന കളക്ഷനിൽ കുറവുണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് അത് നാലു മണിക്കുതന്നെ പുറപ്പെടുന്നതിനാവശ്യമായ തീരുമാനമെടുക്കണം. നാലേകാലിന് തിരുവനന്തപുരത്തേക്ക് പുറപ്പെടുന്ന സൂപ്പർഫാസ്റ്റ് പാസ്സഞ്ചർ ബസ് എറണാകുളം വൈറ്റില വഴിയാണ് പോകുന്നത്. അതുകൊണ്ട് ഒരു ദിവസം 5000 രൂപയുടെ കുറവാണ് വരുന്നത്. എറണാകുളം സ്റ്റാൻഡിൽ ആ ബസ് പോകേണ്ടതാണ്. രാത്രി 8.30-നുശേഷം തൃശ്ശൂർ ഭാഗത്തേക്കുള്ള സർവ്വീസുകൾ കുറവാണ്. രണ്ട് town to town ബസ് സർവ്വീസുകൾ അനുവദിക്കണം. പാലക്കാട് – കോഴിക്കോട് town to town service മണ്ണാർക്കാട് വഴിയാണ് ഓടിക്കൊണ്ടിരിക്കുന്നത്. രണ്ട് പഞ്ചായത്തുകൾക്കുള്ള പ്രവേശന കവാടമായ പൊന്നംകോട്ട് സ്റ്റോപ്പ് അനുവദിക്കണം. പാലക്കാട്–കോഴിക്കോട് town to town service ചെർപ്പുശ്ശേരി വഴിയാണ് പോകുന്നതെങ്കിൽ 7 കിലോമീറ്റർ ദൂരം ലാഭിക്കാൻ കഴിയും. രാത്രി 8 മണി കഴിഞ്ഞാൽ പെരിന്തൽമണ്ണ, ചെർപ്പുശ്ശേരി-കോങ്ങാട് പ്രദേശത്തെ യാത്രക്കാർ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. അതുകൊണ്ട് അടിയന്തിരമായി രണ്ടു ബസ് അനുവദിക്കണമെന്നാണ് പറയാനുള്ളത്. ശ്രീകൃഷ്ണപുരം മണ്ഡലത്തിനുവേണ്ടിയുള്ള ഒരു നിർദ്ദേശമാണിത്. ഇതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി പാലക്കാട് സന്ദർശിച്ചപ്പോൾ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളാണ്. അത് ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. പാലക്കാട്നിന്നും ടിപ്പുസുൽത്താൻ റോഡുവഴി മണ്ണാർക്കാട്ടേക്ക് ഒരു ബസ് അനുവദിക്കണം. പാലക്കാട് ഡിപ്പോയിലെ സറലപരിമിതിക്ക് പരിഹാരമായി ഏറ്റെടുത്ത 47 സെന്റ് സ്ഥലം ഇന്നും ഉപയോഗപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. ഗ്യാരേജ് യാർഡ് പൊട്ടിപ്പൊളിഞ്ഞു കിടക്കുകയാണ്. അതും അടിയന്തിരമായി നേരെയാക്കണം. അതുപോലെതന്നെ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ ഓടിക്കൊണ്ടിരുന്നതും നിർത്തലാക്കിയതുമായ സർവ്വീസുകൾ, പെരിന്തൽമണ്ണ, ചെർപ്പുശ്ശേരി, ഒറ്റപ്പാലം വഴിയുള്ള ബസ്, മുറിയംകണ്ണി ബസ് ഇവ പുനരാരംഭിക്കണം. ലേഡീസ് വെയിറ്റിംഗ് ഷെഡ്ഡിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതും അടിയന്തിരമായി പരിശോധിച്ച് നടപ്പിലാക്കണം.

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ)*: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ നിരവധി ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. ഏറ്റവും പ്രധാനമായി പറഞ്ഞത് പാലക്കാടുനിന്നും ബാംഗ്ലൂരിലേക്ക് എ. സി. ബസ് വേണമെന്നാണ്. ഒരാഴ്ച മുമ്പ് തിരുവനന്തപുരത്തുനിന്നും ബാംഗ്ലൂരിലേക്ക് ഒരു സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ആ സർവ്വീസ് പാലക്കാടുവഴിയാണ് പോകുന്നത്. അടുത്തത് നല്ല കളക്ഷനുണ്ടായിരുന്ന പാലക്കാട്-ഊട്ടി സർവ്വീസിന്റെ കാര്യമാണ്; അത് നിർത്തിയതായിട്ടാണ് പറയുന്നത്. അത് ആരംഭിക്കണമെന്നുണ്ടെങ്കിൽ Inter State Agreement ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. അതിന്റെ ചർച്ച നടക്കുകയാണ്. അത് പൂർത്തിയാകുമ്പോൾ ആ സർവ്വീസും പരിഗണിക്കുന്നതാണ്. തിരുവനന്തപുരത്തേക്കുള്ള സൂപ്പർ ഡീലക്സ്, ഡീലക്സ് എന്നീ ബസ്സുകളുടെ സമയം മാറ്റിക്കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ എയർ കണ്ടീഷൻ ചെയ്ത പുതിയ ബസ് കെ. എസ്. ആർ. ടി. സി. ഇറക്കുന്നുണ്ട്. ആ സൂപ്പർ ഡീലക്സിനു പകരം തിരുവനന്തപുരത്തുനിന്നും പാലക്കാട്ടേക്ക് ഒരു പുതിയ എ. സി. എയർ ബസ് കൊടുക്കുന്നതാണ്. അതുപോലെതന്നെ രാവിലെ നാലുമണിക്ക് കോയമ്പത്തൂർനിന്നും നേരത്തെയുണ്ടായിരുന്ന ഒരു ബസ്സിന്റെ സമയത്തിൽ മാറ്റം വരുത്തിയതുകൊണ്ട് കളക്ഷൻ കുറഞ്ഞിട്ടുണ്ടെന്നു പറയുന്നു. അക്കാര്യം പരിശോധിക്കാം; അങ്ങനെ ബസ് പുറപ്പെടുന്ന സമയം മാറ്റിയിട്ടുണ്ടെങ്കിൽ അത് നേരത്തെയുണ്ടായിരുന്ന സമയത്തുതന്നെ പുറപ്പെടുന്നതിന് നിർദ്ദേശം കൊടുക്കാം. ഒരു ബസ് സ്റ്റോപ്പിന്റെ കാര്യം പറഞ്ഞിട്ടുണ്ട്. അത് അനുവദിക്കുന്നതിനുള്ള നിർദ്ദേശവും കൊടുക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള പാലക്കാട് ഡിപ്പോയാർഡിന്റെ നിർമ്മാണമുൾപ്പെടെയുള്ള കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly